പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *177 11.06.2018-ലെ മറുപടിക്ക്

## സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | ഭരണമികവ് അടിസ്ഥാനമാക്കി പബ്ലിക് അഫയേഴ്സ് സെന്റർ തയ്യാറാക്കിയ സൂചികയിൽ ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞ സംസ്ഥാനത്തിന്, അത് നിലനിർത്താനായി ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് കൂടുതൽ കാര്യക്ഷമമാക്കാൻ നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) യും & (ബി) യും | സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 01.01.2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1 നകവും സർക്കാർ ഗ്രാന്റോടു കൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിൽ ഡിസംബർ 31 നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം |
| (ബി) | ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കാൻ തുടങ്ങിയ ഇ-ഗവേണൻസ് സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ സെക്രട്ടേറിയറ്റിനെയും ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. |
| | | | ഇ-ഗവേണൻസിനായി സംസ്ഥാനത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും താഴെ പറയും പ്രകാരമാണ്.<br>1. ഇ-ഡിസ്ട്രിക്ട്<br>നാഷണൽ ഇ-ഗവേണൻസ് പ്ലാനിനു കീഴിലെ മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺ ലൈൻ വഴി പൊതു ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ-ഡിസ്ട്രിക്ട് വഴി വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റിലും അത് നല്കുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയിട്ടുണ്ടാകും. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ലധികം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നല്കിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി നല്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വനം വകുപ്പിന്റെ ആറ് സേവനങ്ങൾ നിലവിൽ ഈ പദ്ധതി മുഖാന്തരം നല്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 2. <u>ഇ-ഓഫീസ് (e-office )</u><br>സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടേറ്റുകളിലും, മുപ്പതിലധികം വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>3. ഇ - പ്രൊക്യൂർമെന്റ്</u><br><br>പൊതുഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള ഇ - പ്രൊക്യൂർമെന്റ് പദ്ധതി നടപ്പിൽ വരുത്തുന്നത് അന്തിമ ഘട്ടത്തിലാണ്.<br><br><u>4. ഫ്രണ്ട്സ് ജനസേവനകേന്ദ്രം</u><br>വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2000-ൽ കേരള സർക്കാർ ഐ.ടി.മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രം എന്ന പേരിൽ ആരംഭിച്ച ഏകജാലക സംവിധാനം 2001 ൽ മറ്റ് ജില്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുകയും ആയത് തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.<br><br><u>5. കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (KSWAN )</u><br>കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ ( SWAN ) ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളും 152 ബ്ലോക്ക് ആസ്ഥാനങ്ങളും സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>6. സെക്രട്ടറിയേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (SecWAN)</u><br>ഗവ:സെക്രട്ടറിയേറ്റിലെ സേവനങ്ങൾ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ഗുണപരമായി മെച്ചപ്പെടുത്തുക, ഇതിനായി വിവിധ വകുപ്പുകൾ തമ്മിൽ ബന്ധിപ്പിച്ച് അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുക തുടങ്ങിയവ മുൻനിർത്തി ആവിഷ്കരിച്ച പദ്ധതി വിജയകരമായി പ്രവർത്തിച്ചുവരുന്നു.<br><br><u>7. സർക്കാർ കോൾ സെന്റർ</u><br>വിവിധ സർക്കാർ വകുപ്പുകൾ നല്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു.<br><br><u>8. സംസ്ഥാന ഡാറ്റ സെന്റർ</u><br>സംസ്ഥാനത്തെ ഇ - ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് സംസ്ഥാന ഡാറ്റാ സെന്റർ-1 ഉം നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഡാറ്റ സെന്റർ-2 ഉം പ്രവർത്തിക്കുന്നു.<br><br><u>9. വീഡിയോ കോൺഫെറൻസിങ്</u><br>ജില്ലാ കലക്ടറേറ്റുകൾ, ഐ ടി മിഷൻ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടമെന്റ്, എക്സൈസ് ഡിപ്പാർട്ടമെന്റ്, തിരഞ്ഞെടുക്കപ്പെട്ട താലൂക്കുകൾ തുടങ്ങി 30-ഓളം ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ |

| | | | |
|---|---|---|---|
| | | | വീഡിയോ കോൺഫറൻസിങ് സംവിധാനം പ്രവർത്തിച്ചു വരുന്നു.<br><br>**10.ആധാർ പദ്ധതി**<br>ആധാർ പദ്ധതി പ്രകാരം സംസ്ഥാനത്തെ 99.8 ശതമാനത്തോളം ആളുകൾക്ക് ആധാർ നൽകി കഴിഞ്ഞു. സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് കൂടുതലായും ആധാർ പേര് ചേർക്കൽ നടത്തുന്നത്. കുട്ടികൾക്ക് അംഗൻവാടി വഴിയും, വയോധികർക്കും ഭിന്ന ശേഷിയുള്ളവർക്കും ശയ്യാവലംബരായവർക്കും അവരുടെ വീടുകളിൽ എത്തിയും ആധാർ എൻറോൾമെൻറ് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**11. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (സെർട്ട് -കേരള)**<br>ആഗോളതലത്തിലുള്ള സൈബർ ഭീകരാക്രമണങ്ങളെ ചെറുക്കാൻ ദേശീയതലത്തിലുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (സെർട്ട്-ഇൻ) യ്ക്ക് സമാനമായ സംവിധാനം സംസ്ഥാന സർക്കാർ സെർട്ട്—കെയിലൂടെ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>**12. സ്റ്റേറ്റ് സർവീസ്ഡെലിവറി ഗേറ്റ് വേ**<br>നവീകരിച്ച വെബ് പോർട്ടൽ വഴി 35 ലധികം സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.<br><br>**13. മൊബൈൽ ഗവേണൻസ്**<br>വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയാക്കി. |

| | | | |
|---|---|---|---|
| | | | 14. കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ച്ചർ (കെ.എസ്.ഡി.ഐ)<br><br>കേരളത്തിലെ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവുമായി (ജി.ഐ.എസ്) ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായാണ് കെ.എസ്.ഡി.ഐ നിലവിൽ വന്നത്. വിശ്വസനീയവും അവലംബിയ്ക്കാവുന്നതുമായ ഭൂവിവരങ്ങൾ പാരിസ്ഥിതിക സംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് നൽകുന്നതിന് സഹായകരമായ രീതിയിൽ പ്രവർത്തനം തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.